

# നീന്തൽ താരത്തിന്റെ വിജയഗാഥ

വൈറൽ

● ആബിദ് കോലിക്കര

ചില മനുഷ്യർ നമ്മെ വല്ലാതെ അൽഭുതപ്പെടുത്തും. കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കുന്നതിനിടെ വിധിയുടെ രൂപത്തിൽ വരുന്ന ആഘാതങ്ങൾ അധികപേരെയും തളർത്തുകയാണ് ചെയ്യാറ്. എന്നാൽ ചിലർ വിധിക്ക് മുന്നിൽ പകച്ചു നിൽക്കാതെ പൊരുതി ജീവിക്കും, തോൽക്കാൻ മനസ്സില്ലെന്ന് ഉച്ചത്തിൽ പറയും. അത്തരം അപൂർവ്വ മനുഷ്യരിൽ പെട്ട ആളാണ് 33 കാരനായ പാരാപ്ലീജിക് അത്ലറ്റ് ഷംസ് ആലം. ബീഹാറിലെ ഒരു ഉൾനാട്ടിൽ നിന്ന് ബെർലിൻ വരെ എത്തിനിൽക്കുന്ന ഷംസ് ആലമിന്റെ ജീവിതം ആർക്കും പ്രചോദനമാണ്.

ബീഹാറിലെ റാത്തോസ് എന്ന ഗ്രാമത്തിലാണ് ഷംസ് വളർന്നത്. സ്പോർട്സ് പശ്ചാത്തലമുള്ള കുടുംബമാണ് ഷംസിന്റേത്. ആറാം വയസ്സിൽ ജ്യേഷ്ഠന്റെ കൂടെ മുംബൈയിലേക്ക് താമസം മാറി. പിന്നീട് പഠനമെല്ലാം അവിടെയായിരുന്നു. കിക്ക് ബോക്സിംഗിൽ ആയിരുന്നു അവന്റെ ശ്രദ്ധ മുഴുവനും. പത്ത് വർഷത്തെ ശ്രമഫലമായി കരാട്ടെ ബ്ലാക്ക് ബെൽറ്റ് എടുത്തു. സംസ്ഥാന- ദേശീയ മൽസരങ്ങളിലെല്ലാം പങ്കെടുത്ത് നിരവധി മെഡലുകൾ വാരിക്കൂട്ടി. 2010 -ൽ നടന്ന ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ നേടി. ജീവിതം അങ്ങനെ ഉയരങ്ങൾ തേടി കുതിക്കവേ പെട്ടെന്നൊരു ദിവസം ഷംസിന് ഇടതു കാൽവിരലിന് ഒരു തുടിപ്പ് പോലെ തോന്നി. പിന്നെ വേദന കൂടി. സ്റ്റെപ്പ് കയറാൻ പ്രയാസമായി. ഡോക്ടർമാർ എല്ലാ ടെസ്റ്റുകളും നടത്തിയ ശേഷം പാരാപ്ലീജിയ ആണ് അസുഖമെന്നു പറഞ്ഞു. നട്ടെല്ലുകൾക്കുണ്ടാകുന്ന ആഘാതം മൂലം അരക്കെട്ടിനു താഴെ തളർവാതം ബാധിക്കുന്ന രോഗമായിരുന്നു അത്.

അവന് ഡോക്ടർമാർ ആത്മവിശ്വാസം കൊടുത്തു. നീന്തുന്നത് നെർവസ് സിസ്റ്റം ഉണർന്ന് പ്രവർത്തിക്കാൻ നല്ലതാണെന്ന് അവർ പറഞ്ഞു. അങ്ങനെയാണ് ഷംസ് നിരന്തരമായി നീന്തുന്നത്. നീന്തൽ അവന്റെ നാട്ടുകാർ സ്വാഭാവികമായി തന്നെ പഠിക്കുന്നതായിരുന്നു. ഇടക്കിടെ പ്രളയം വരുന്ന നാട്ടിൽ നീന്തലറിയാതെ ജീവിക്കാനാകുമായിരുന്നില്ല. നീന്തലറിയാത്ത ആരുമുണ്ടാകില്ല അവിടെ. നടത്തം പോലെ സ്വാഭാവികമാണ് അവർക്ക് നീന്തൽ.

പിന്നീട് നീന്തൽ തന്നെ തന്റെ കരിയറായി ഷംസ് തെരഞ്ഞെടുത്തു. 2012-ൽ സ്റ്റേറ്റ് സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് വെള്ളിമെഡൽ നേടി. പിന്നീട് ദേശീയ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2013-ൽ അറബിക്കടലിൽ നടന്ന നീന്തൽ മൽസരത്തിൽ പങ്കെടുത്തു . ഭിന്ന ശേഷിക്കാരുടെ നീന്തൽ മൽസരത്തിൽ ലോക റെക്കോർഡിട്ടു.

പാരാ സ്വിമ്മിംഗ് വേൾഡ് സീരീസിൽ ഇന്ത്യയെ പ്രതിനിധീ കരിച്ച് വെങ്കലമെഡൽ നേടുകയും ചെയ്തു. ജപ്പാനിൽ വെച്ച് 2020-ൽ നടക്കുന്ന പാരാ ഒളിമ്പിക്സിലും 2022-ൽ നടക്കുന്ന ഏഷ്യൻ പാരാ-ഗെയിംസിലും ഉജ്ജ്വല പ്രകടനം കാഴ്ചവെക്കാനുള്ള ഒരുക്കത്തിലാണ് ഇപ്പോൾ ഷംസ് ആലം. ●

▸▸ കോളയിൽ മുഖ്യമായും അടങ്ങിയിട്ടുള്ള ആസിഡ്– ഫോസ്ഫോറിക് ആസിഡ്